**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2099** **03-03-2025 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലയിൽ മികച്ച ചികിത്സാ സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആദിവാസി മേഖലയിൽ മികച്ച ചികിത്സാ സൗകര്യങ്ങളൊരുക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുവാൻ വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനം ആവശ്യമാണ്. സംസ്ഥാന സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമം, സാമൂഹ്യനീതി, മാതൃ-ശിശു സംരക്ഷണം, പട്ടികജാതി വികസനം, വിദ്യാഭ്യാസം തുടങ്ങി വിവിധ വകുപ്പുകൾ, സാമൂഹിക സുരക്ഷാ മിഷൻ, ദേശീയാരോഗ്യ ദൗത്യം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഫണ്ടുകൾ ഉപയോഗിച്ച് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നു.<br><br>ആദിവാസി മേഖലയിൽ ആരോഗ്യ കേന്ദ്രങ്ങൾ മുഖേന നൽകുന്ന സേവനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.<br><br>കൂടാതെ സംസ്ഥാനത്തെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധന സഹായത്തോടെ ആരോഗ്യ വകുപ്പ് 'സമഗ്ര ആരോഗ്യ സുരക്ഷ' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും, സർക്കാർ മെഡിക്കൽ കോളേജുകളിലും, മലബാർ ക്യാൻസർ സെൻ്റർ തലശ്ശേരി, റീജിയണൽ ക്യാൻസർ സെൻ്റർ, തിരുവനന്തപുരം, ശ്രീചിത്രാ മെഡിക്കൽ സെൻ്റർ എന്നിവിടങ്ങളിൽ ചികിത്സയ്ക്കെത്തുന്ന പട്ടികവർഗ്ഗക്കാർക്ക് 'സമഗ്ര ആരോഗ്യ സുരക്ഷ' പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭിക്കുന്നു. രോഗിക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണത്തിനും ഈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്. ആശുപതികളിൽ ലഭ്യമല്ലാത്ത ചികിത്സാ ചെലവ് (മരുന്ന് വാങ്ങാൻ, മെഡിക്കൽ ടെസ്റ്റ് തുടങ്ങിയവ )10,000/- രൂപ വരെ ബി.പി.എൽ/ എ.പി.എൽ അന്തരമില്ലാതെ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ലഭിക്കുന്നു. 10,000/- രൂപക്ക് |

മുകളിൽ ചികിത്സാ ചെലവ് വരുന്ന കേസുകൾ പട്ടികവർഗ്ഗക്കാരിൽ ബി.പി.എൽ വിഭാഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു. വ്യക്തിഗത കേസുകൾ 10,000/- രൂപ വരെ ബന്ധപ്പെട്ട ആശുപത്രി സുപ്രണ്ടും 50,000/- രൂപ വരെ ആശുപത്രി വികസന സമിതിയും 50,000/- രൂപയ്ക്ക് മുകളിൽ ചെലവുവരുന്ന കേസുകളിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ ആശുപത്രി അധികൃതർക്കും ധനസഹായം അനുവദിക്കുന്നതാണ്. ആവശ്യമായ ഫണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ വഴി ബന്ധപ്പെട്ട ആശുപത്രികൾക്ക് വിതരണം നടത്തുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളിൽ ബന്ധപ്പെട്ട സുപ്രണ്ടുമാർക്ക് ഫണ്ട് അനുവദിക്കുന്നു. മെഡിക്കൽ കോളേജുകളിൽ ട്രൈബൽ രോഗികൾ അഡ്മിറ്റ് ആകുന്ന സമയത്ത് വാർഡിലെ സിസ്റ്റർ/ഏരിയ പ്രൊമോട്ടർമാർ ഈ ആശുപത്രിയിലെ ട്രൈബൽ പ്രൊമോട്ടർമാരെ വിവരം അറിയിക്കുന്നു അവർ അതാത് ഏരിയ പ്രൊമോട്ടർമാരുമായി ബന്ധപ്പെട്ട് അതാത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിർമാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു.

എ.പി.എൽ./ബി.പി.എൽ. ഭേദമന്യേ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് രൂപികരിച്ച ജനനി രക്ഷാ പദ്ധതിയിലൂടെ ടി വിഭാഗക്കാർക്ക് സമ്പൂർണ്ണ പോഷകാഹാരം ഉറപ്പാക്കുകയാണ് വകുപ്പ് ലക്ഷ്യമിടുന്നത്. നവജാത ശിശു മരണം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും മെച്ചപ്പെട്ട ആരോഗ്യ സ്ഥിതിയിലുള്ള ശിശുക്കൾ പിറവിയെടുക്കുന്നതിനും അവരെ പരിപാലിക്കുന്ന അമ്മമാർക്ക് സമ്പൂർണ്ണ ആരോഗ്യം ഉറപ്പാക്കുകയെന്നതും ഇതിലൂടെ ലക്ഷ്യമിടുന്നു.

ഇടുക്കി, തിരുവനന്തപുരം, പാലക്കാട് ജില്ലയിലെ മൂലമറ്റം, നെടുമങ്ങാട്, അട്ടപ്പാടി എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. KMSCL (Kerala Medical Science Corporation Limited) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് (2 – എണ്ണം) കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, കണ്ണൂർ, വയനാട്(2 എണ്ണം) എന്നീ ജില്ലകളിലായി ആകെ 14

| | | | |
|---|---|---|---|
| | | | ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.<br><br>പട്ടികവർഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി.ക്ലിനിക്കു കളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി ജില്ലയിൽ വെള്ളക്കയം കോവിൽക്കടവ് എന്നീ സ്ഥലങ്ങളിൽ ഒ.പി.ക്ലിനിക്കുകളും തൃശ്ശൂർ ജില്ലയിൽ മലക്കപ്പാറയിൽ ഒരു ഒ പി ക്ലിനിക്കും അട്ടപ്പാടിയിൽ ഇലച്ചിവഴി, പാടവയൽ എന്നീ ഇടങ്ങളിൽ ഓരോ ഒ.പി.ക്ലിനിക്കു വീതവും പ്രവർത്തിക്കുന്നു. പട്ടികവർഗ വികസന വകുപ്പിനു കീഴിൽ 3 ANM സെന്ററുകൾ (Auxilary Nurse & Mid-wifery Centre) പ്രവർത്തിക്കുന്നു.<br><br>പട്ടികവർഗ വികസന വകുപ്പിന്റെ ഉടമസ്ഥതയിൽ ഐ.റ്റി.ഡി.പി വയനാട്, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫിസ് മാനന്തവാടി, ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസ് സുൽത്താൻ ബത്തേരി എന്നീ ഓഫീസുകളുടെ നിയന്ത്രണത്തിൽ 6 ആംബുലൻസുകൾ (ഓരോയിടത്തും 2 വീതം), അട്ടപ്പാടി ഐ.റ്റി.ഡി.പി ഓഫീസിന് കിഴിൽ 1 ആംബുലൻസും പട്ടികവർഗ്ഗ വിഭാഗക്കാരായ രോഗികളെ കോളനികളിൽ നിന്നും മെഡിക്കൽ കോളേജ് ഹോസ്പ്പിറ്റൽ ഉൾപ്പെടെ വിവിധ ആശുപത്രികളിലേയ്ക്കും ചികിത്സ കഴിഞ്ഞവരെ തിരികെ കോളനികളിൽ എത്തിക്കുന്നതിനും ഉപയോഗിക്കുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ആളുകളുടെ മാനസികാരോഗ്യ പരിചരണവും പുനരധിവാസവും ലക്ഷ്യമാക്കി കോഴിക്കോട് IMHANS മുഖേന പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്റ്റ്, വയനാട്. മറ്റ് മാനസികാരോഗ്യ പരിപാടികൾ, ആശുപത്രികൾ, എൻ.ജി.ഒ. എന്നിവ എത്താത്ത ഇടങ്ങളിലെ മാനസിക വെല്ലുവിളി നേരിടുന്ന ആളുകളെ അവരുടെ ഊരുകളിൽ എത്തി കണ്ടെത്തി ചികിത്സയും മറ്റ് അനുബന്ധ പുനരധിവാസവും മാനസികാരോഗ്യ പരിപാലനവും നൽകുന്നതിന് ലക്ഷ്യം വെച്ചുള്ളതാണ് ഈ പദ്ധതി. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## ആദിവാസി മേഖലയിൽ ആരോഗ്യ കേന്ദ്രങ്ങൾ മുഖേന നൽകുന്ന വിവിധ സേവനങ്ങൾ

ആരോഗ്യ മേഖലയിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യകേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക്, ജനറൽ, സ്പെഷ്യാലിറ്റി ആശുപത്രികൾ ഉൾപ്പെടെ 195 ആരോഗ്യ സ്ഥാപനങ്ങൾ വഴി സേവനം നൽകി വരുന്നു. ഈ മേഖലയിൽ പ്രവർത്തിക്കുന്ന ജനകീയാരോഗ്യ കേന്ദ്രങ്ങൾ മുഖേനയും വിവിധ സേവനങ്ങൾ പട്ടികവർഗ്ഗവിഭാഗക്കാർക്കായി നൽകി വരുന്നു.

- ഇവയിൽ 50 സ്ഥാപനങ്ങളിൽ കിടത്തി ചികിത്സ(IP) നൽകാനുള്ള സൗകര്യം ലഭ്യമാണ്.
- 18 സ്ഥാപനങ്ങളിൽ പ്രസവ/പ്രസവാനന്തര സേവനം നൽകാനുള്ള സൗകര്യം ലഭ്യമാണ്.
- പാലക്കാട്, വയനാട് ജില്ലകളിൽ പോഷകാഹാരക്കുറവ് ഉള്ള കുട്ടികൾക്ക് വേണ്ടി പ്രത്യക പരിചരണത്തിനായി Nutrition Rehabilitation Centre (NRC) കൾ പ്രവർത്തിക്കുന്നുണ്ട്.
- ആരോഗ്യവകുപ്പ്, ആരോഗ്യകേരളം, പട്ടികവർഗ്ഗ വകുപ്പ് എന്നിവ മുഖേന മൊബൈൽ ഹെൽത്ത് യൂണിറ്റുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

### പ്രാഥമികാരോഗ്യ സേവനങ്ങൾ (Comprehensive Primary Health Care)

- കുട്ടികളിലും ഗർഭിണികളിലും പോഷകാഹാരക്കുറവ്, വിളർച്ച എന്നിവ തടയുവാനുള്ള പ്രവർത്തനങ്ങൾ.
- ഗർഭകാല പ്രസവ പ്രസവാനന്തര പരിചരണം.
- പ്രതിരോധ കുത്തിവയ്പ്പുകൾ.
- സ്ഥിരം ആരോഗ്യപ്രവർത്തകർക്ക് പുറമേ പട്ടികവർഗ്ഗ കോളനികളിൽ പ്രത്യേക സേവനങ്ങൾ എത്തിക്കുന്നതിനും, ആരോഗ്യസ്ഥാപനങ്ങൾ മുഖേനയുള്ള സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനും ആരോഗ്യകേരളം മുഖേന പ്രത്യേകം തിരഞ്ഞെടുത്ത ഊരുമിത്രം ആശാ പ്രവർത്തരുടെ (Hamlet ASHA) സേവനവും ലഭ്യമാണ്. ഇതുവരെ 513 ഊരുമിത്രങ്ങളെ 11 ജില്ലകളിലായി തിരഞ്ഞെടുത്ത് മൂന്ന് ഘട്ട പരിശീലനവും പൂർത്തിയാക്കിയിട്ടുണ്ട്.
- RBSK സേവനങ്ങൾ നൽകുന്നതിന് മൊബൈൽ ഹെൽത്ത് യൂണിറ്റുകൾ എല്ലാ ജില്ലകളിലും പട്ടിക വർഗ്ഗ മേഖലകളിൽ പ്രവർത്തിക്കുന്നു. ഇവ ഉപയോഗിച്ച് RBSK നഴ്സുമാർ ആദിവാസി മേഖലയിലെ അംഗനവാഡികളും സ്കൂളുകളും സന്ദർശിക്കുന്നു.
- ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി ട്രൈബൽ മേഖലകളിൽ പ്രത്യക മാനസികാരോഗ്യ ക്ലിനിക്കുകൾ സംഘടിപ്പിച്ചു വരുന്നു.
- പകർച്ചേതര വ്യാധികൾ, അർബുദം, സാംക്രമിക രോഗങ്ങൾ എന്നിവ കണ്ടുപിടിക്കുന്നതിനും, തുടർപരിചരണം നൽകുന്നതിനും, ഈ-ഹെൽത്ത്/സി-ഡാക്ക് മുഖേനയുള്ള SHAILI Application പോലുള്ള വിവരസാങ്കേതിക വിദ്യകൾ ഉപയോഗിച്ചു വരുന്നു.

- പട്ടികജാതി വകുപ്പ് നടപ്പിലാക്കുന്ന "Digital Connected Tribal Colonies" പദ്ധതി മുഖേന CDAC മായി ചേർന്ന് ആധുനിക ക്യാൻസർ സ്ക്രീനിംഗ് സംവിധാനം വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.

<u>Secondary/Tertiary Care Services</u>

- താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവ മുഖേന ആദിവാസികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നു.
- പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന 'Comprehensive Healthcare Project for Scheduled Tribes' മുഖേന ആശുപത്രികൾക്ക് ധനസഹായം നൽകുന്നു.
- കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, വയനാട് ജില്ലയിലെ നല്ലൂർനാട് ആശുപത്രി എന്നിവ ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി ആശുപത്രികളാണ്.
- അരിവാൾ രോഗമുള്ളവരെ (Sickle Cell Disease) കണ്ടു പിടിക്കുന്നതിനും ആവശ്യമായ പരിചരണം നൽകുവാൻ ട്രൈബൽ മേഖലയിൽ മിഷൻ മോഡിൽ പ്രവർത്തനം നടത്തുകയും ഡിജിറ്റൽ ഡാറ്റാബേസ് രൂപീകരിക്കുന്നുമുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ വയനാട് ജില്ലയിലും, മലപ്പുറം ജില്ലയിലെ നിലമ്പൂരിലും, പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലും ആരംഭിച്ചിട്ടുണ്ട്.

1/3/25